പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

256/2007.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 35-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 35-ാം വകുപ്പിലെ നിലവിലുള്ള വ്യവസ്ഥകൾ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് (ക്യു) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് നിലവിൽ വന്ന തീയതിയിൽ, 159-ാം വകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ആസ്തി-ബാദ്ധ്യത സംബന്ധിച്ച പ്രസ്താവം നല്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഒരംഗം, അയാൾ പ്രസ്തുത ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം അപ്രകാരമുള്ള പ്രസ്താവം ബന്ധപ്പെട്ട അധികാരി മുൻപാകെ നല്കുന്ന പക്ഷം, അയോഗ്യനായി കരുതപ്പെടുന്നതല്ല.".

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 159-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് അംഗം തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്നു മാസത്തിനകം നിശ്ചിത ഫോറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റുമെന്റ് സർക്കാർ

വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോമ്പീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സംസ്ഥാനത്തെ പല പഞ്ചായത്ത് അംഗങ്ങളും ആസ്തി ബാദ്ധ്യതാ വിവരം സംബന്ധിച്ച സ്റ്റേറ്റുമെന്റ് യഥാസമയം ബന്ധപ്പെട്ട കോമ്പീറ്റന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടില്ല.

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം ആസ്തി ബാദ്ധ്യത സംബന്ധിച്ച സ്റ്റേറ്റുമെന്റ് നൽകാത്ത പഞ്ചായത്തംഗങ്ങളെ പ്രസ്തുത ആക്റ്റിലെ 35-ാം വകുപ്പ് (ക്യു) ഖണ്ഡ പ്രകാരം പഞ്ചായത്തംഗമായി തുടരുന്നതിന് അയോഗ്യത കല്പിക്കുവാനും വ്യവസ്ഥയുണ്ട്.

3. ഈ വ്യക്തികളെ അയോഗ്യരാക്കുന്നതുവഴി പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഭരണപ്രതിസന്ധിയുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റുമെന്റ് സമർപ്പിക്കാത്ത അംഗങ്ങളെ ഒരേ ഒരു തവണത്തേക്ക് അയോഗ്യരാക്കാതിരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

4. പ്രസ്തുത ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

**　　　　**　　　　**

**　　　　**　　　　**

35. അംഗങ്ങളുടെ അയോഗ്യതകൾ.—36-ാം വകുപ്പിലേയോ അല്ലെങ്കിൽ 102-ാം വകുപ്പിലേയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരാൾ:—

(എ) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ച പ്രകാരം കുറ്റക്കാരനാണെന്ന് കാണുകയും അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

(ബി) സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

(സി) ഒരു വിദേശ രാഷ്ട്രത്തിലെ പൗരത്വം സ്വേച്ഛയാ ആർജ്ജിച്ചിരിക്കുയോ ; അഥവാ

(ഡി) 136-ാം വകുപ്പിന്റെയോ അല്ലെങ്കിൽ 138-ാം വകുപ്പിന്റെയോ കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും തെരഞ്ഞെടുപ്പ് കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയിൽ ശിക്ഷിക്കപ്പെട്ടിരിക്കുകയോ അഥവാ ഒരു തെരഞ്ഞെടുപ്പ് സംബന്ധിച്ച അഴിമതി പ്രവർത്തികൾമൂലം ഏതെങ്കിലും തെരഞ്ഞെടുപ്പവകാശം വിനിയോഗിക്കുന്നതിൽ നിന്നും അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ചെയ്തിരിക്കുകയും അങ്ങനെയുള്ള ശിക്ഷയുടെയോ അയോഗ്യതയുടെയോ തീയതി മുതൽ ആറുവർഷം കഴിയാതിരിക്കുകയും ചെയ്യുന്നുവെങ്കിലോ ; അഥവാ

(ഇ) ഒരു നിർധനനായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അഥവാ ഒരു നിർധനനായി വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

(എഫ്) ഒരു കമ്പിനിയിലെ ഒരു ഓഹരിക്കാരൻ (ഡറയക്ടറല്ലാത്ത) ഇന്ന നിലയിലൊഴികെയോ അഥവാ ഈ ആക്റ്റിൻ കിഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾമൂലം അനുവദിക്കുന്ന പ്രകാരമൊഴികെയോ സർക്കാരുമായോ ബന്ധപ്പെട്ട് പഞ്ചായത്തുമായോ ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും കരാറിലോ അവയ്ക്കു വേണ്ടി ചെയ്യുന്ന ജോലിയിലോ എന്തെങ്കിലും അവകാശബന്ധം ആർജ്ജിക്കുകയോ ;

വിശദീകരണം: ഒരാൾ, സർക്കാരിന്റെയോ അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ കാര്യാദികളെ സംബന്ധിച്ച് വല്ല പരസ്യവും കൊടുത്തേക്കാവുന്ന ഏതെങ്കിലും വർത്തമാന പത്രത്തിൽ തനിക്ക് പങ്കോ അവകാശബന്ധമോ ഉണ്ടെന്നുള്ള കാരണത്താലോ അല്ലെങ്കിൽ തനിക്ക് ഒരു കടപ്പത്രം ഉണ്ടെന്ന കാരണത്താലോ അല്ലെങ്കിൽ സർക്കാരോ പഞ്ചായത്തോ അഥവാ സർക്കാരിന് വേണ്ടിയോ പഞ്ചായത്തിന് വേണ്ടിയോ വാങ്ങുന്ന വല്ല വായ്പയുമായി മറ്റുവിധത്തിൽ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്നുവെന്ന കാരണത്താലോ ഈ ഖണ്ഡപ്രകാരം അയോഗ്യനായിരിക്കുന്നതല്ല ; അഥവാ

(ജി) സർക്കാരിന് വേണ്ടിയോ ബന്ധപ്പെട്ട പഞ്ചായത്തിന് വേണ്ടിയോ പ്രതിഫലം പറ്റുന്ന അഭിഭാഷകനായി ജോലിയിലേർപ്പെട്ടിരിക്കുകയോ ; അഥവാ

(എച്ച്) ബന്ധപ്പെട്ട പഞ്ചായത്ത് പ്രദേശത്തിനുള്ളിലെ താമസം അവസാനിപ്പിച്ചിരിക്കുകയോ; അഥവാ

(ഐ) ഒരു അഡ്വക്കേറ്റായോ വക്കീലായോ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുകയോ ; അഥവാ

(ജെ) മുൻവർഷം വരെയും മുൻവർഷം ഉൾപ്പെടെയും സർക്കാരിലേക്കോ അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിലേക്കോ (വിശ്വാസാധിഷ്ഠിത നിലിയിലല്ലാതെ) താൻ കൊടുക്കേണ്ട ഏതെങ്കിലും ഇനം സംബന്ധിച്ച് കുടിശ്ശിക വരുത്തുകയും അതുസംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അയാളുടെമേൽ യഥാവിധി നടത്തുകയും അതിൽ വല്ല സമയവും നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരിക്കുകയോ ; അഥവാ

(കെ) അതതു സംഗതിപോലെ തന്റെ ഉദ്യോഗകാലം ആരംഭിക്കുന്ന തീയതി മുതൽക്കോ അല്ലെങ്കിൽ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതൽക്കോ അല്ലെങ്കിൽ 37-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം തന്നെ അംഗത്തിന്റെ സ്ഥാനത്ത് തിരിയെ ആക്കിയ തീയതി മുതൽക്കോ കണക്കാക്കിയാൽ തുടർച്ചയായി മൂന്നുമാസക്കാലം ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദമില്ലാതെ അതിന്റെയോ അല്ലെങ്കിൽ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ മൂന്നുമാസക്കാലത്തിനുള്ളിൽ അതതു സംഗതിപോലെ പഞ്ചായത്തിന്റേയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ മൂന്നിൽ കുറവ് മാത്രം യോഗങ്ങൾ കൂടിയിട്ടുള്ള പക്ഷം പ്രസ്തുത തീയതിക്കുശേഷം നടത്തിയ അതിന്റെ തുടർച്ചയായുള്ള മൂന്നുയോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ :

എന്നാൽ ഒരംഗം ഹാജരാകാതിരിക്കുന്ന യാതൊരു യോഗവും,—

(i) ആ യോഗത്തെ സംബന്ധിച്ച് അയാൾ യഥാവിധി നോട്ടീസ് നൽകിയിട്ടില്ലാത്തപക്ഷം ; അഥവാ

(ii) ഒരു സാധാരണ യോഗത്തിന് നിർണ്ണയിക്കപ്പെട്ടതിനേക്കാൾ ചുരുങ്ങിയ കാലത്തെ നോട്ടീസ് നൽകിയതിനുശേഷം യോഗം നടത്തിയിട്ടുള്ളപക്ഷം ; അഥവാ

(iii) അംഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് യോഗം നടത്തിയിട്ടുള്ളപക്ഷം ;

ഈ ഖണ്ഡത്തിൻകീഴിൽ അയാൾക്ക് എതിരായി കണക്കിലെടുക്കുവാൻ പാടില്ലാത്തതാകുന്നു :

എന്നുമാത്രമല്ല, പഞ്ചായത്ത് യാതൊരു കാരണവശാലും തുടർച്ചയായി ആറു മാസത്തിൽ കൂടുതൽ കാലയളവിലേക്ക് പഞ്ചായത്തിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരു അംഗത്തിന് അനുവാദം നൽകുവാൻ പാടില്ലാത്തതാകുന്നു ; അഥവാ

(എൽ) ഭരണഘടനയിലേയോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം സംസ്ഥാന നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ ആവശ്യങ്ങൾക്കുവേണ്ടി അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ; അഥവാ

(എം) ഈ ആക്റ്റിലെ മറ്റേതെങ്കിലും വകുപ്പുകൾ പ്രകാരം അയോഗ്യനാക്കപെട്ടിരിക്കുകയോ ;

(എൻ) 1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ;

(ഒ) പഞ്ചായത്തിനുണ്ടായ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഉത്തരവാദിയായിരിക്കുകയോ ; അഥവാ

(പി) താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തുകയോ ; അഥവാ

(ക്യു) 159-ാം വകുപ്പുപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിയിക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ചുള്ള പ്രസ്താവം നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുകയോ ;

ആണെങ്കിൽ അയാൾ ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണ്.

** ** **

** ** **